DESPATCHED
21/01/2020

09/01/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.763(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.16071/SIC-Gen 2/2012**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ബി. മുകുന്ദൻപിള്ള,
പ്രതീക്ഷ, ചെന്നിത്തല പി.ഒ.,
മാവേലിക്കര – 690 105. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (പേഴ്സണൽ സെക്ഷൻ),
കെ.എസ്.ആർ.ടി.സി,
മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം – 695 023.

2. അപ്പീൽ അധികാരി &
അക്കൗണ്ട്സ് മാനേജർ,
കെ.എസ്.ആർ.ടി.സി,
മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം – 695 023. } എതിർകക്ഷികൾ

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, ടിയാന്റെ സർവീസ് സംബന്ധമായ ചില സംശയങ്ങളും, വിശദീകരണങ്ങളുമാണ് ചോദിച്ചിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് 06.01.2020ൽ കമ്മീഷൻ തിരുവനന്തപുരം ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസായ കെ.എസ്.ആർ.ടി.സി.യുടെ ചീഫ് മാനേജിങ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിൽ, ടിയാന് പ്രമോഷൻ നൽകാത്തതു സംബന്ധിച്ച പരാതിയാണ് ഉണ്ടായിരുന്നതെന്നും, ഇതിന് കൃത്യമായ മറുപടി നൽകിയതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. ടിയാൻ ആവശ്യപ്പെട്ട മറ്റു പല വിവരങ്ങളും ഭരണപരമായതിനാൽ വിവരാവകാശ

നിയമത്തിന്റെ പരിധിയൽ നിന്ന് പരിഹരിക്കാൻ കഴിയുന്നതല്ല എന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നിയമപരമായി നൽകാൻ കഴിയുന്ന മറുപടി സമയബന്ധിതമായി തന്നെ ഒന്നാം എതിർകക്ഷി നൽകിയതാണ് എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ടിയാന്റെ പല ചോദ്യങ്ങളും, സംശയങ്ങളും വിശദീകരണം ആവശ്യപ്പെടുന്നവ ആയതുകൊണ്ട് അത്തരത്തിലുള്ളവയ്ക്ക് വിവരാവകാശ നിയമപ്രകാരം മറുപടി നൽകാൻ കഴിയുന്നതല്ല എന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

5. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം, 2020 ജനുവരി മാസം 9-ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

gk.